# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 343

29-06-2016-ൽ മറുപടിക്ക്

## ആസ്ട്രൽ വാച്ചസ് കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി ഏത് വർഷത്തിലാണ് പൂട്ടിയത് ; ഇത് പൂട്ടാനുള്ള കാരണമെന്താണെന്നും ജോലി നഷ്ടപ്പെട്ട തൊഴിലാളികൾക്കു നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ; | (എ) എച്ച്.എം.റ്റി. കമ്പനിക്ക് വേണ്ടി വാച്ചുകൾ സംയോജിപ്പിച്ച് കൊടുക്കുകയാണ് ആസ്ട്രാൽ വാച്ചസ് കമ്പനി ചെയ്തു പോന്നിരുന്നത്. എച്ച്.എം.റ്റി. കമ്പനിയിൽ നിന്നുള്ള ഓർഡറുകളിൽ കുറവ് വന്നതിനെത്തുടർന്ന് കമ്പനി കുറെ നാളുകളായി നഷ്ടത്തിൽ പോയികൊണ്ടിരിക്കുകയായിരുന്നു. വൈവിധ്യവൽക്കരണത്തിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനെത്തുടർന്ന് 2002-ൽ കമ്പനി പ്രവർത്തനരഹിതമായിട്ടുള്ളതാണ്.<br><br>05.11.2002ൽ കമ്പനി പ്രവർത്തനം നിറുത്തിവച്ചു. എല്ലാ ജീവനക്കാർക്കും വി.ആർ.എസ് കൊടുക്കുവാൻ തീരുമാനിക്കുകയും അത് കൊടുത്ത് തീർക്കുകയും ചെയ്തു. |

| | |
|---|---|
| (ബി) ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ മറ്റേതെങ്കിലും വ്യവസായമോ സ്ഥാപനങ്ങളോ തുടങ്ങാൻ ഏതെങ്കിലും സർക്കാരിന്റെ കാലത്ത് ആലോചന ഉണ്ടായിരുന്നോ ; എങ്കിൽ അത് ഏത് സർക്കാരിന്റെ കാലത്ത് എന്നും ഏത് വ്യവസായമാണ് തുടങ്ങാൻ ഉദ്ദേശിച്ചത് എന്നും എന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലവും കെട്ടിടങ്ങളും സി.എച്ച്.മുഹമ്മദ്കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിന് പതിച്ചു നൽകാൻ മുൻ സർക്കാർ മന്ത്രിസഭാ തീരുമാനം എടുത്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ വിഷയം പുതിയ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ പുതിയ വ്യവസായം / സ്ഥാപനം ആരംഭിക്കാൻ ആലോചിയ്ക്കുന്നുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള വ്യവസായം ആരംഭിക്കാനാണുദ്ദേശിക്കുന്നത് ; | |
| (ഡി) ആസ്ട്രൽ വാച്ചസ് കമ്പനി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ? ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) ആസ്ട്രൽ വാച്ചസ് കമ്പനി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 1.99 ഏക്കർ ആണ്. ഈ സ്ഥലത്തിന്റെ നിലവിലെ ഉടമസ്ഥാവകാശം കെ.എസ്.ഐ.ഡി.സി യുടെ പേരിലാണുള്ളത്. |

സെക്ഷൻ ഓഫീസർ